# കേരള സാഹിത്യ അക്കാദമി

പി.ബി.നമ്പർ 501, ടൗൺ ഹാൾ റോഡ്, തൃശൂർ 680020, ഫോൺ&ഫാക്സ് 0487 2331069 , 2331103
ഇ.മെയിൽ: keralasahityaakademi@gmail.com വെബ്സൈറ്റ്: www keralasahityaakademi.org


പത്രക്കുറിപ്പ് 13.03.2017

## കൊളത്തോൾ രാഘവന്റെ നിര്യാണത്തിൽ അനുശോചിക്കുന്നു

തിരസ്കൃതരായ മണ്ണിന്റെ മക്കളുടെ പച്ചയായ ജീവിതം വൈകാരികതീക്ഷ്ണത യോടെ ആവിഷ്ക്കരിച്ച കൊളത്തോൾ രാഘവൻ കീഴാളസമൂഹത്തിന്റെ നീറുന്ന പ്രശ്നങ്ങളെ മുഖ്യധാരയിലെത്തിച്ച പ്രതിഭാശാലിയാണ്. പുരാവൃത്തങ്ങളുടെ തനതു മുദ്രകൾ പതിഞ്ഞ ഗ്രാമീണഭൂമികയിൽ പാടുപെട്ടു ജീവിക്കുന്ന സാധാരണമനുഷ്യ രുടെ ദുരിതസ്വരങ്ങൾ അദ്ദേഹം വേറിട്ടു കേൾപ്പിച്ചു. ആദിമദേശങ്ങളുടെയും ഉപ സമൂഹങ്ങളുടെയും സാംസ്കാരികചരിത്രത്തെയും കാർഷികാനുഷ്ഠാനങ്ങളെയും തോറ്റിയുണർത്തി. മലയാളികൾക്ക് അത്ര പരിചിതമല്ലാത്ത ദ്രാവിഡമായ ആത്മീയ തയുടെയും ദൈവബോധത്തിന്റെയും ജീവിതക്കാഴ്ചകൾ വരച്ചുകാട്ടി. അവഗണന യിലേക്കും അപമാനത്തിലേക്കും മാറ്റിനിർത്തപ്പെട്ട ദളിത് ജീവിതാനുഭവങ്ങളെ എഴു ത്തിന്റെ കരുത്തും സൗന്ദര്യവുമാക്കിയ കൊളത്തോൾ രാഘവന്റെ നിര്യാണത്തിൽ കേരള സാഹിത്യ അക്കാദമി അനുശോചിക്കുന്നു.

**ഡോ.കെ.പി.മോഹനൻ**
സെക്രട്ടറി